

താഴെക്കിടയിലുള്ളവരുടെ സാമ്പത്തിക പ്രവര്‍ത്തനം, സമ്പന്നര്‍ക്കിടയില്‍ സമ്പത്ത് ഒഴുകി നടക്കുന്നത് പോലെയല്ല. മറിച്ച് അത് മൊത്തം സമൂഹത്തിന്റെ ആത്മവിശ്വാസവും യശസ്സും വര്‍ധിപ്പിക്കുന്നു.

# അയല്‍ക്കൂട്ടം

## സാധ്യതകളെ ഉപയോഗപ്പെടുത്തണം

**ടി.ആരിഫലി** കേരളാ അമീര്‍, ജമാഅത്തെ ഇസ്‌ലാമി

***ലോ***കാടിസ്ഥാനത്തില്‍ ചിന്തിച്ച് പ്രാദേശികാടിസ്ഥാനത്തില്‍ പ്രവര്‍ത്തിക്കുക (think globally, act locally) എന്നത് പ്രസക്തവും പരിഗണനാര്‍ഹവുമായ ഒന്നാണ്. ലോകാടിസ്ഥാനത്തിലുള്ള വലിയ ചിന്തയുടെ പ്രാദേശികാടിസ്ഥാനത്തിലുള്ള പ്രവര്‍ത്തനമായി പലിശരഹിത സൂക്ഷ്മതല വായ്പാ സംവിധാനങ്ങളെ കണക്കാക്കാവുന്നതാണ്.

മലമുകളില്‍ പെയ്യുന്ന മഴ മലയുടെ ചെരിഞ്ഞ പ്രതലത്തിലൂടെ ഒലിച്ചിറങ്ങി ചെറിയ നീര്‍ച്ചാലുകളായി, അരുവികളായി, തോടുകളായി, വലിയ പുഴകളായി കടലില്‍ പതിക്കുന്നു. സമതലങ്ങളിലൂടെയും താഴ്‌വാരങ്ങളിലൂടെയും ആണ് കടലില്‍ ചേരാനായി ഈ പുഴ ഒഴുകി വരുന്നത്. പുഴയുടെ ഇരു കരകളേയും അത് ഫലഭൂയിഷ്ഠമാക്കുന്നു. അത് പ്രകൃതിയുടെ താളവും നിയമവുമാണ്. എന്നാല്‍ മലക്ക് മുകളില്‍ പെയ്യുന്ന മഴവെള്ളം താഴേക്ക് ഒലിച്ചുപോകേണ്ടതില്ലെന്നും അത് തനിക്ക് മാത്രം അര്‍ഹിച്ചതും അവകാശപ്പെട്ടതുമാണെന്നും മല തീരുമാനിച്ചാല്‍ അത് എത്രമാത്രം അഹങ്കാരമാണ്, ധിക്കാരമാണ്, അശാസ്ത്രീയമാണ്. ഇതുപോലെയാണ് സമ്പത്ത് ഒരുവന്റെ കയ്യില്‍ കുമിഞ്ഞുകൂടുമ്പോള്‍ ഉണ്ടാകുന്നത്.

തീര്‍ച്ചയായും സമ്പത്ത് അനുഗ്രഹമാണ്. ദൈവം അത് നല്‍കാന്‍ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തില്‍ ചിലര്‍ക്കത് കിട്ടിയിരിക്കുന്നു. ദൈവത്തിന്റെ സ്വാഭാവികനീതി നടപ്പിലാക്കേണ്ട മനുഷ്യന്‍, തന്റെ താഴെയുള്ളവര്‍ക്ക് അത് നല്‍കാന്‍ ബാധ്യസ്ഥനാണ്. അവിടെ മലയുടെ അഹങ്കാരത്തിന് സ്ഥാനമുണ്ടാകരുത്.

നമ്മുടെ കേരളം ഫലഭൂയിഷ്ഠമാകുന്നതില്‍ നദികളും അരുവികളും തോടുകളും അവയുടേതായ പങ്കുവഹിക്കുന്നു. തനിക്ക് മുകളില്‍ പെയ്ത മഴയെ മല താഴോട്ട് ഒഴുകാന്‍ സമ്മതിച്ചില്ലായിരുന്നുവെങ്കില്‍ കേരളത്തിന്റെ ഈ പച്ചപ്പ് ഉണ്ടാകുമായിരുന്നില്ല എന്നതുപോലെ സമ്പത്തിന്റെ ന്യായമായ വിതരണത്തേയും കണക്കിലെടുക്കേണ്ടതുണ്ട്.

മനുഷ്യന്‍ പല ഉയരങ്ങളിലുള്ളവരാണ്. ദൈവം പലരേയും പല രൂപത്തില്‍ അനുഗ്രഹിച്ചിട്ടുണ്ട്. ചിലര്‍ക്ക് ശാരീരികമായി ആരോഗ്യം നല്‍കിയപ്പോള്‍ ചിലര്‍ക്കത് ലഭിച്ചില്ല. ചിലര്‍ സമ്പന്നരാണെങ്കില്‍ ചിലര്‍ ദരിദ്രരാണ്. ചിലര്‍ പണ്ഡിതന്മാരാണ്. ചിലര്‍ പാമരാണ്. ചിലര്‍ ബുദ്ധിജീവികളാണ്. ചിലര്‍ ശാസ്ത്രജ്ഞരാണ്. ഇത് മനുഷ്യപ്രകൃതിയാണ്. തനിക്കുള്ള ആരോഗ്യം, സമ്പത്ത്, അറിവ് തുടങ്ങിയവയില്‍ നിന്ന് താന്‍ പകുത്ത് നല്‍കുമ്പോഴാണ് അത് സമൂഹത്തിന് ഉപകാരപ്പെടുക. അതാണ് സ്വാഭാവിക നീതി. ദൈവത്തിന്റെ കല്‍പനയും അതു തന്നെയാണ്.

അപ്രകാരം തനിക്ക് ലഭിച്ച അനുഗ്രഹങ്ങള്‍ മറ്റുള്ളവര്‍ക്ക് കൂടി ഉപകാരപ്പെടുത്തുന്ന മനസ്സിനെ സേവനതല്‍പരമായ മനസ്സ് എന്ന് വിശേഷിപ്പിക്കാം. ദാനം നല്‍കുന്ന നന്മയുടെ മനസ്സ്. സമ്പത്ത് ഉള്ളവന്‍ അതില്ലാത്തവന് നല്‍കുമ്പോഴാണ് അത് ദൈവത്തിന്റെ നീതിയുടെ താല്‍പര്യമാകുന്നത്.

അനുഗ്രഹം നല്‍കപ്പെട്ട പര്‍വതങ്ങളില്‍നിന്ന് അനുഗ്രഹം നല്‍ക



കടംതരുമ്പോൾ പുഞ്ചിരിക്കുകയും തിരിച്ചടവ് തെറ്റിയാൽ കണ്ണുരുട്ടി ഭയപ്പെടുത്തി ഭീഷണിപ്പെടുത്തി നാണം കെടുത്തുകയും ചെയ്യുന്നവരിൽ നിന്ന് വ്യത്യസ്തമായി, ചിരിച്ചും പങ്കുവെച്ചും സേവന മനസ്സോടെ കടം തന്ന് പ്രയാസങ്ങളിൽ സഹായിച്ചും സഹകരിച്ചും മുന്നോട്ടുപോകുന്ന പലിശരഹിതമായ മൈക്രോഫിനാൻസിംഗ് സംവിധാനങ്ങൾ മാതൃകയാവേണ്ടതുണ്ട്. അവയെ സമൂഹം ഏറ്റെടുക്കുകയും വളർത്തുകയും വേണം. പലിശരഹിത വായ്പാ വിതരണ രംഗത്തെ പുതിയ മാതൃകയായി സാമ്പത്തിക രംഗത്തെ പരസ്പര പങ്കാളിത്തത്തിന്റെ പുതിയ അധ്യായമായി, കുടുംബങ്ങളിലെ സ്ത്രീകളുടെ ശാക്തീകരണത്തിനും അതുവഴി സാമൂഹ്യനന്മക്കും അത് പ്രയോജനപ്പെടുത്തണം.

പ്പെട്ടിട്ടില്ലാത്ത താഴ്‌വാരങ്ങളിലേക്ക് വിഭവങ്ങൾ ഒഴുകി വരേണ്ടതുണ്ട്. അതാണ് സേവന സന്നദ്ധത, സ്വദഖ, ചാരിറ്റി എന്നെല്ലാം വിശേഷിപ്പിക്കുന്നത്. എന്നാൽ ഇതിന് വിപരീതമാണ് പലിശ. ഉള്ളവനിൽ നിന്ന് ഇല്ലാത്തവനിലേക്ക് പോകുന്നതാണ് സ്വദഖയെങ്കിൽ ഇല്ലാത്തവനിൽനിന്ന് ഉള്ളവൻ തട്ടിയെടുക്കുന്ന, നിർബന്ധിച്ചെടുക്കുന്ന കൊടുംചൂഷണമാണ് പലിശ. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ, പലിശയെ മായ്ച്ചുകളയുന്നു എന്ന് പറഞ്ഞത്. സമൂഹത്തിൽ പലിശയുടെ ഒരംശം പോലും ഉണ്ടാകാൻ പാടില്ല എന്ന് അല്ലാഹുവിന് നിർബന്ധമുണ്ടെന്നർത്ഥം.

നമ്മുടെ നാട്ടിലെ സേവനസന്നദ്ധതയുടെ ഉദാഹരണങ്ങൾ എത്രയെങ്കിലും ചൂണ്ടിക്കാണിക്കാനാകും. ദരിദ്രരായ ഒരു കുടുംബം താമസിക്കുന്ന ഒരു കൊച്ചു ഓലപ്പുരയെങ്ങാനും കത്തി നശിച്ചുപോയാൽ ആശ്രയമില്ലാത്ത അവർക്ക് ആ നാട്ടുകാർ തുണയായി മാറാറുണ്ട്. കത്തിനശിച്ചതിലും മികച്ച ഒരു വീട് അവർക്കുണ്ടാകട്ടെ എന്നാണ് ആ നാട്ടുകാർ ചിന്തിക്കുക. ഇത് ആളുകളുടെ മനസ്സിലുള്ള നന്മയുടെ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്നു. എന്നാൽ പലിശാധിഷ്ഠിതമായ ബാങ്കുകാരൻ വീട് വെക്കാൻ വായ്പ നൽകിയാൽ ആ ഉപഭോക്താവിന്റെ ജീവിതാവസ്ഥകൾ കണക്കിലെടുക്കാറില്ല. വായ്പ നൽകുമ്പോൾ പറയുന്ന ഉദാരമായ വ്യവസ്ഥകൾ വായ്പക്കാരന്റെ തിരിച്ചടവ് തെറ്റുമ്പോൾ കാണിക്കാറില്ല. ഇവിടെയാണ് പലിശയും സ്വദഖയും നമുക്ക് വേറിട്ട് മനസ്സിലാക്കാനാവുക.

പലിശയിടപാട് നടത്തുന്നവൻ പിശാച് ബാധിച്ചവനെപോലെയാകുന്നത് ആർത്തിയുടെ ഇത്തരം സവിശേഷതകളിലൂടെയാണ്. എന്നാൽ ചാരിറ്റി എന്നത് മറ്റൊരു മനോഭാവത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. നന്മയുടെ മനസ്സാണത്. ഈ മനസ്സുകൾ എപ്പോഴും സേവനസന്നദ്ധമായിരിക്കും. അവർ ജീവിതത്തിൽ സന്തോഷവാന്മാരായിരിക്കും. ഇത്തരം സേവനോന്മുഖമായ മനസ്സിനെ നാം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

പലിശയിലധിഷ്ഠിതമായ വായ്പകളിലൂടെ സംരംഭം തുടങ്ങുന്നവരുടെ ലാഭനഷ്ടങ്ങൾ വായ്പ നൽകുന്നവർക്ക് ഒരു പ്രശ്നമേയല്ല. എന്നാൽ, പലിശരഹിത വായ്പകളിൽ അത് ലാഭനഷ്ട പങ്കാളിത്തത്തോടുകൂടി, പരസ്പര വിശ്വാസത്തോടുകൂടി മുന്നോട്ട് പോകുന്നു. ഈ വിശ്വാസ്യതയാണ്, നീതിയുടെ താൽപര്യമാണ് ലോകത്താകമാനം സാമ്പത്തികമാന്ദ്യം ബാധിച്ചപ്പോഴും ഇസ്‌ലാമിക ബാങ്കുകൾ തകരാതെ നിന്നതിന്റെ കാരണം. പലിശരഹിതമായ സമ്പദ്‌വ്യവസ്ഥ ലോകാടിസ്ഥാനത്തിൽ തന്നെ നിലനിൽക്കാൻ അർഹതയുള്ള ഒന്നാണ്. സ്വയം സഹായസംഘങ്ങളിൽ, സൂക്ഷ്മതല വായ്പാസമ്പ്രദായത്തിൽ ഇസ്‌ലാമിക സാമ്പത്തിക ക്രമത്തിന്റെ പ്രായോഗികതകളെ ചേർത്ത് നിർത്താൻ കഴിയുന്നു എന്നത് സന്തോഷകരമാണ്.

കുടുംബങ്ങളിലെ പുരുഷന്മാർ മാത്രം അധ്വാനിക്കുകയും സ്ത്രീകൾ വീട്ടിലിരിക്കുകയും ചെയ്യുന്ന കാലം കഴിഞ്ഞുപോയിരിക്കുന്നു. നമ്മളാഗ്രഹിച്ചാലും ഇല്ലെങ്കിലും കുടുംബങ്ങളിലെ സ്ത്രീകളുടെ അധ്വാനവും സമ്പാദ്യവും അത്യാവശ്യമായി വരുന്നു. ചെലവിനങ്ങളുടെ വൈവിധ്യം വർധിച്ചു എന്നത് നാം കണക്കിലെടുത്തേ മതിയാകൂ.

ലാഭമുണ്ടാകില്ല എന്ന കാരണത്താൽ കൃഷിയെ നാം മാറ്റിനിർത്തി. പക്ഷേ കൃഷി എന്നത് ഒരു ജീവിതരീതിയും സംസ്കാരവുമാണ് എന്നത് നാം മറന്നു. നട്ടുനനച്ച് വളർത്തി വലുതാക്കി ഫലം കൊയ്യുമ്പോൾ പ്രകൃതിയുടെ ചാക്രികമായ ജൈവികതക്ക് നൽകുന്ന സംഭാവന നമ്മുടെ ജീവിതത്തിന്റെ നിലനിൽപ്പിന് കൂടി നൽകുന്ന നന്മകളെ നമുക്കെങ്ങനെ വിസ്മരിക്കാനാവും. ആഗോള താപനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നഷ്ടപ്പെട്ട ഹരിതാഭയെകു

റിച്ച് മറക്കുന്നത് ഒരിക്കലും ന്യായമല്ല. ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യോൽപന്നങ്ങൾ നമ്മുടെ ആരോഗ്യത്തിന്റെ സംരക്ഷണത്തിന് അത്യാവശ്യം തന്നെയാണ്. ജീവിതശീലങ്ങൾ വരുത്തിവെച്ച രോഗങ്ങളിൽനിന്നും തിരിച്ച് നടക്കാൻ കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.

സ്ത്രീകളുടെ സ്വയം സഹായസംഘങ്ങൾക്ക് കൃഷി മാത്രമല്ല ഇണങ്ങുക. അവരവരുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ തൊഴിലും വരുമാനവും കണ്ടെത്താൻ ഇത്തരം സ്വയം സഹായസംഘങ്ങൾ പ്രചോദനമാകേണ്ടതുണ്ട്

ഇത്തരം സ്വയം സഹായ സഹകരണ സംഘങ്ങളുടെ പ്രവർത്തനഫലമായി സാമ്പത്തിക പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലേക്കെത്തുന്നു. സമ്പന്നന്റെ ജീവിതത്തിൽ ചെറിയ സംഖ്യ യാതൊരു ചലനവും ചെലുത്താറില്ല. എന്നാൽ എത്ര ചെറിയ സംഖ്യകളും സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ സാമ്പത്തിക പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നു. സാമ്പത്തിക വ്യവസ്ഥയുടെ ഏറ്റവും അടിത്തട്ടിൽ അതിന്റെ പ്രതിഫലനമുണ്ടാകുന്നു. ആയിരക്കണക്കിന് കോടികൾ മറയുന്ന കളികൾ നടത്തിയതുകൊണ്ട് രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥക്ക് പ്രത്യേകിച്ച് ഉണർവ്വൊന്നും ഉണ്ടാകുന്നില്ല. പക്ഷേ, സ്വയം സഹായസംഘങ്ങളുടെ ഗുണഭോക്താക്കളിലെത്തുന്ന ചെറിയ സംഖ്യകൾ പോലും ആ പ്രാദേശിക മാർക്കറ്റിൽ സ്വാധീനം ചെലുത്തും. ചെറിയ തുകകൾക്ക് ചെറിയ ചെറിയ കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ ധനികരുടെ കോടികളുടെ കണക്കുകളേക്കാൾ അത് സമൂഹത്തിൽ ചലനങ്ങളുണ്ടാക്കുന്നു. സൂക്ഷ്മതല സാമ്പത്തിക പ്രവർത്തനങ്ങളെ ഈ അർത്ഥത്തിൽ നാം പരിഗണിക്കേണ്ടതുണ്ട്.

ദേശീയ തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ ക്രയശേഷി വർധിപ്പിച്ചു. അവരുടെ വരുമാനം ഗ്രാമീണ സാമ്പത്തിക വ്യവസ്ഥക്ക് ഉണർവേകി. താഴെക്കിടയിലുള്ളവരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ എത്ര വേഗത്തിലാണ് സമൂഹത്തെ ബാധിക്കുന്നത് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണത്. അതോടൊപ്പം തന്നെ കൃഷിഭൂമി അടക്കമുള്ള അടിസ്ഥാനജോലികളിൽ നിന്ന് ഉത്തരേന്ത്യൻ ഗ്രാമീണ തൊഴിലാളികളെ ദേശീയ തൊഴിലുറപ്പ് പദ്ധതി പിന്തിരിപ്പിച്ചോ എന്നത് പഠനവിധേയമാക്കേണ്ടതുണ്ട്. താഴെക്കിടയിലുള്ളവരുടെ സാമ്പത്തിക പ്രവർത്തനം, സമ്പന്നർക്കിടയിൽ സമ്പത്ത് ഒഴുകി നടക്കുന്നത് പോലെയല്ല. മറിച്ച് അത് മൊത്തം സമൂഹത്തിന്റെ ആത്മവിശ്വാസവും യശസ്സും വർധിപ്പിക്കുന്നു.

ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നത് എന്ന ഗാന്ധിജിയുടെ വാക്കുകൾ ഒരു യാഥാർത്ഥ്യം തന്നെയാണ്. ഗ്രാമീണരായ സാധാരണക്കാർക്കിടയിലാണ് സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കേണ്ടത്. മൈക്രോ ഫിനാൻസിംഗ് ഇന്ത്യയുടെ ഗ്രാമങ്ങളിൽ പുതിയ വെളിച്ചം നൽകും. സ്വയം സഹായ സംഘങ്ങളിലൂടെ സൂക്ഷ്മതല സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നു എന്നതാണ് സ്വയം സഹായസംഘങ്ങളെ (Self Help Group ) പ്രസക്തമാക്കുന്നത്.

സ്വയം സഹായസംഘങ്ങളായ അയൽക്കൂട്ടങ്ങളെ മറ്റൊരു തലത്തിൽ കൂടി കാണേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിൽ പൊതു സാമൂഹ്യഇടങ്ങൾ നഷ്ടപ്പെടുകയാണ്. ചായക്കടകൾ, ലൈബ്രറികൾ, പണപ്പയറ്റ് അഥവാ കുറിക്കല്ല്യാണങ്ങൾ തുടങ്ങി കേരളത്തിന്റെ തനതായ ഗ്രാമീണ ഇടങ്ങൾ അപ്രത്യക്ഷമാകുന്നു. ജാതിമത സൗഹൃദങ്ങൾ വാക്കുകളിലല്ല, പ്രവൃത്തികളിലാണ് ഇവിടങ്ങളിൽ കാണപ്പെട്ടിരുന്നത്. സ്വയം സഹായസംഘങ്ങളിലൂടെ സ്ത്രീകൾ ഈ പൊതുഇടങ്ങൾ പുനനിർമിക്കുകയാണ്. അയൽക്കൂട്ടങ്ങൾ മത-സാമുദായിക ധ്രുവീകരണത്തിന്റെ കറുത്ത അടയാളങ്ങളെ മായ്ച്ചുകളയും.

സ്വയം സഹായ സംഘങ്ങളുടെ സൂക്ഷ്മതല വായ്പാ വിതരണത്തിൽ തിരിച്ചടവ് 100% മായി നിലനിൽക്കുന്നത് അത് ആവശ്യക്കാരിലും അർഹരിലും പ്രവർത്തിക്കുന്നു എന്നതിനാലാണ്. വലിയ വലിയ മുതലാളിമാർക്ക് പണത്തിന്റെ വിലയറിയില്ല. അവർ ബാങ്കുകളെ കബളിപ്പിക്കുന്നു. പൊതുസമ്പത്ത് ദുർവിനിയോഗം ചെയ്യുന്നു. ലോകാടിസ്ഥാനത്തിൽ തന്നെ മൈക്രോഫിനാൻസ് സംവിധാനങ്ങളിൽ തിരിച്ചടവ് 100% ആയത് സമ്പത്തിന്റെ വിലയറിയുന്ന പാവങ്ങളിൽ അത് കേന്ദ്രീകരിച്ചിരിക്കുന്നു എന്നതിനാലാണ്. അവരുടെ പ്രയാസങ്ങളിൽ അനുഗ്രഹത്തിന്റെ തെളിനീരായി പെയ്തിറങ്ങിയ, സേവനത്തിന്റെ സന്മനസ്സുള്ള, നന്മയുടെ പ്രതിരൂപങ്ങളെ ആർക്കാണ് വഞ്ചിക്കാനാവുക.

കടംതരുമ്പോൾ പുഞ്ചിരിക്കുകയും തിരിച്ചടവ് തെറ്റിയാൽ കണ്ണുരുട്ടി ഭയപ്പെടുത്തി ഭീഷണിപ്പെടുത്തി നാണം കെടുത്തുകയും ചെയ്യുന്നവരിൽ നിന്ന് വ്യത്യസ്തമായി, ചിരിച്ചും പങ്കുവെച്ചും സേവന മനസ്സോടെ കടം തന്ന് പ്രയാസങ്ങളിൽ സഹായിച്ചും സഹകരിച്ചും മുന്നോട്ടുപോകുന്ന പലിശരഹിതമായ മൈക്രോഫിനാൻസിംഗ് സംവിധാനങ്ങൾ മാതൃകയാവേണ്ടതുണ്ട്. അവയെ സമൂഹം ഏറ്റെടുക്കുകയും വളർത്തുകയും വേണം. പലിശരഹിത വായ്പാ വിതരണ രംഗത്തെ പുതിയ മാതൃകയായി സാമ്പത്തിക രംഗത്തെ പരസ്പര പങ്കാളിത്തത്തിന്റെ പുതിയ അധ്യായമായി, കുടുംബങ്ങളിലെ സ്ത്രീകളുടെ ശാക്തീകരണത്തിനും അതുവഴി സാമൂഹ്യനന്മക്കും അത് പ്രയോജനപ്പെടുത്തണം.

*(INFECC കേരളയുടെ ചെയർമാൻ കൂടിയാണ് ലേഖകൻ)*